HANDBOOK



# സർഗ്ഗവായന

## സമ്പൂർണ്ണ വായന



**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം**



**തിരുവനന്തപുരം ജില്ലാപഞ്ചായത്ത്**

**ജില്ലയിൽ പതിനായിരം ക്ലാസ്സ്‌റൂം ലൈബ്രറികൾ സജ്ജീകരിക്കുന്നു**

തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

# സർഗ്ഗവായന


## സമ്പൂർണ വായന

### പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

സർഗവായന
സമ്പൂർണവായന
പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

## സമ്പൂർണ്ണ ക്ലാസ്സ്റൂം ലൈബ്രറി പദ്ധതിയ്ക്ക് ആശംസകൾ



**പ്രൊഫ. സി. രവീന്ദ്രനാഥ്**
ബഹു, പൊതു വിദ്യാഭ്യാസ
വകുപ്പ് മന്ത്രി



**ശ്രീ. കെ. റ്റി. ജലീൽ**
ബഹു. ഉന്നത വിദ്യാഭ്യാസ
ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രി



**ശ്രീ. എ.സി മൊയ്തീൻ**
ബഹു. തദ്ദേശ സ്വയം
ഭരണ വകുപ്പ് മന്ത്രി



**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
ബഹു. ടൂറിസം ദേവസ്വം
സഹകരണ വകുപ്പ് മന്ത്രി

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ പൊതുവിദ്യാലയങ്ങളിലെ എല്ലാ ക്ലാസ്സിലും ലൈബ്രറി സജ്ജീകരിക്കുന്ന ''സർഗ്ഗവായന സമ്പൂർണ്ണ വായന'' എന്ന നൂതന പദ്ധതിയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

സർഗവായന
സമ്പൂർണവായന

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം



## ആമുഖം

**ജില്ലയിൽ പതിനായിരം ലൈബ്രറികളൊരുക്കി ജില്ലാപഞ്ചായത്ത്**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് സ്കൂൾ ലൈബ്രറികളുടെ ശാക്തീകരണം. മികച്ച പ്രതികരണശേഷിയും ഉയർന്ന മാനവികാവബോധമുള്ള ഒരു തലമുറ രൂപപ്പെടുന്നതോടൊപ്പം കുട്ടികളുടെ പഠനത്തെ നിർണ്ണായകമായി സ്വാധീനിക്കാനും ആശയാവിഷ്കാരത്തിന്റെ എല്ലാ മേഖലകളിലും മുന്നേറ്റമുണ്ടാക്കാനും വായനയിലൂടെ കഴിയും. തിരുവനന്തപുരം ജില്ലയെ സമ്പൂർണ്ണ ക്ലാസ് റൂം ലൈബ്രറി ജില്ലയാക്കി മാറ്റുന്നതിന് ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് ''സർഗ്ഗ വായന സമ്പൂർണ്ണ വായന'' എന്ന പദ്ധതി. ഇതിനായി ഓരോ ക്ലാസിലും ലൈബ്രറികൾ സജ്ജമാക്കിക്കൊണ്ട് കുട്ടികളുടെ പഠനം അർത്ഥപൂർണ്ണമാക്കുന്നതിനുള്ള പ്രവർത്തന പദ്ധതിക്കാണ് രൂപം കൊടുക്കുന്നത്.

ക്ലാസ് നിലവാരത്തിനും പഠന പ്രവർത്തനങ്ങൾക്കും യോജിച്ച രീതിയിലുള്ള പുസ്തകങ്ങൾ ശേഖരിക്കുക. അവ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ക്ലാസ് തലത്തിൽ സജ്ജീകരിക്കുക. പുസ്തകവിതരണത്തിന് ക്ലാസ് തല കമ്മിറ്റികൾ രൂപീകരിക്കുക, പുസ്തക സ്റ്റോക്ക്, വിതരണ രജിസ്റ്ററുകൾ സൂക്ഷിക്കുക, വിവിധ തലങ്ങളിൽ വായനാനുബന്ധ പരിപാടികളും വായനോത്സവങ്ങളും സംഘടിപ്പിക്കുക എന്നിവയാണ് എല്ലാ സ്കൂളിലും എല്ലാ ക്ലാസിലും ലൈബ്രറി എന്നതിലൂടെ ഉദ്ദേശിക്കുന്നത്. ജില്ലയിൽ 988 പൊതു വിദ്യാലയങ്ങളിലായി 10601 ക്ലാസ്സ് മുറികളാണുള്ളത്. ജില്ലയിലെ ഒന്നുമുതൽ പന്ത്രണ്ട് വരെയുള്ള എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറി രൂപീകരിക്കുകയാണ് പ്രധാനമായി ലക്ഷ്യമിടുന്നത്. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ നടപ്പാക്കിവരുന്ന ഗ്രന്ഥപ്പുരപദ്ധതി, ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ നടക്കുന്ന വായനാ പദ്ധതികൾ, അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ നടന്നുവരുന്ന വിവിധ തനത് പദ്ധതികൾ എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള ബൃഹദ്പദ്ധതിക്കാണ് രൂപം കൊടുത്തിട്ടുള്ളത്. ഇതിന്റെ ഭാഗമായാണ് ജില്ലയിലെ എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിലായി 10600 ക്ലാസ് റൂമുകളിൽ ലൈബ്രറി സജ്ജീകരിക്കുകയാണ് ഈ പദ്ധതി വിജയകരമായി നടപ്പാക്കുന്നതോടെ എല്ലാ ക്ലാസിലും ലൈബ്രറി സംവിധാനമുള്ള ഇന്ത്യയിലെ ആദ്യ ജില്ലയെന്ന ബഹുമതിയും തിരുവനന്തപുരം ജില്ലയ്ക്ക് ലഭ്യമാകും. വായനയുടെ വ്യത്യസ്ത തലങ്ങൾ കുട്ടികൾക്ക് അനുഭവവേദ്യമാണ്. എന്നാൽ ഓരോ കുട്ടിക്കും ഇത്തരം അനുഭവം നൽകാൻ കൂടുതൽ പരിശ്രമം ആവശ്യമാണ്. മഹത്തായ ഈ ലക്ഷ്യത്തിനായി നമുക്ക് ഒരുമിച്ച് മുന്നോട്ടുപോകാം.

സ്നേഹപൂർവ്വം

**വി.കെ. മധു**
പ്രസിഡന്റ്
ജില്ലാപഞ്ചായത്ത് തിരുവനന്തപുരം

തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

സർഗവായന
സമ്പൂർണവായന
പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം



## സന്ദേശം

വായന മനുഷ്യനെ പൂർണ്ണനാക്കുന്നുവെന്ന് മഹാത്മാക്കളായ അനവധി ചിന്തകൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈയടുത്ത കാലത്ത് 'വായന മരിക്കുന്നുവോ?' എന്ന ഒരു ചർച്ച പോലും നടക്കുകയുണ്ടായി. വായന മരിക്കുകയില്ലെന്നും പുസ്തകങ്ങൾ മനുഷ്യന്റെ ചിന്താശക്തിയുടെയും ഭാവനയുടെയും ശേഖരങ്ങളായി ഇവിടെ എന്നും ഉണ്ടാകുമെന്നും നാം ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയാണ് പുസ്തകങ്ങൾക്കും വായനയ്ക്കും വേണ്ടി മാത്രമുള്ള പുതിയൊരു പദ്ധതിയിലൂടെ... അതെ 'സർഗ്ഗ വായന സമ്പൂർണ്ണ വായന' മഹത്തായൊരു സ്വപ്നമാണ്. അക്ഷരങ്ങളെ മുറുകെ പിടിച്ചുകൊണ്ട് എന്നെന്നും മുന്നേറുമെന്നുള്ള ഒരു നാടിന്റെ പ്രതിജ്ഞ...

**സി. മനോജ് കുമാർ**
വിദ്യാഭ്യാസ ഉപഡയറക്ടർ
തിരുവനന്തപുരം



## സന്ദേശം

''അറിവിന്റെ സഹ നിർമ്മാതാക്കളാണ് വിദ്യാർത്ഥികൾ'' എന്ന് ലാറ്റിനമേരിക്കൻ വിദ്യാഭ്യാസ ചിന്തകനായ പൗലോഫ്രെയർ അഭിപ്രയപ്പെട്ടിട്ടുണ്ട്. വായനയിലൂടെ സർഗ്ഗാത്മകത വളരുകയും സർഗ്ഗാത്മകത മനുഷ്യനെ മനുഷ്യനാക്കി തീർക്കുന്നതിനമുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകുകയും ചെയ്യും. പാഠ്യ വിഷയങ്ങളിൽ ആഴത്തിലുള്ള അറിവ് സമ്പാദിക്കുന്നതിന് 'സർഗ്ഗ വായന സമ്പൂർണ്ണ വായന' എന്ന ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ്, ഡയറ്റ് , എസ്.എസ്.എ, ഗ്രന്ഥശാലകൾ, പി.റ്റി.എ, എസ്.എം.സി, ജനപ്രതിനിധികൾ ഉൾപ്പെടെ പൊതു സമൂഹം ഒന്നാകെ പദ്ധതിക്ക് പൂർണ്ണ പിന്തുണ നൽകി. ജില്ലയിലെ എല്ലാ ക്ലാസ് മുറികളിലും ലൈബ്രറി സജ്ജീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടികൾ അടക്കം എല്ലാ പേരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. തുടർ പ്രവർത്തനങ്ങൾ ഉണ്ടാകും എന്ന വിശ്വാസത്തോടെ

**വി. രഞ്ജിത്**
ചെയർമാൻ, ആരോഗ്യവും വിദ്യാഭ്യാസവും
സ്റ്റാന്റിംഗ് കമ്മിറ്റി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

സർഗവായന
സമ്പൂർണവായന
പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

ഇന്ത്യയിലാദ്യമായി ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലെയും എല്ലാ ക്ലാസ്സ്റൂമിലും ലൈബ്രറി സജ്ജീകരിക്കുന്നു. 8 ലക്ഷം പുസ്തകങ്ങൾ ശേഖരിച്ച് തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന സ്വപ്നപദ്ധതി. കേരളത്തിലെ എല്ലാ പൊതു വിദ്യാലയങ്ങളേയും അന്താരാഷ്ട്ര മികവിലേയ്ക്കുയർത്തുക എന്ന ലക്ഷ്യം നേടുന്നതിനായി കേരള സർക്കാർ നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസ രംഗത്ത് വൻ ജനകീയ മുന്നേറ്റമാണുണ്ടാക്കിയിരിക്കുന്നത്. നീതി നിയോഗ് 2016-17 പഠനവർഷമായി എടുത്തുകൊണ്ട് നടത്തിയ പഠനത്തിൽ കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനം നേടിയിരിക്കുന്നു. 'അക്കാദമിക മികവാണ് വിദ്യാലയത്തിലെ മികവ്' എന്ന പൊതുവിദ്യഭ്യാസ സംരക്ഷണ



യജ്ഞത്തിന്റെ കേന്ദ്ര ആശയം സമ്പൂർണ്ണമായി നേടുന്നതിന് ഒട്ടനവധി അക്കാദമിക മികവ് പ്രവർത്തനങ്ങൾ പൊതുവിദ്യഭ്യാസ വകുപ്പിന്റെയും ത്രിതലപഞ്ചായത്തുകളുടെയും ജനകീയ സമിതികളുടെയും നേതൃത്വത്തിൽ നടക്കുകയാണ്. എല്ലാ കുട്ടികളെയും അക്കാദമിക




മികവിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം നേടുന്നതിനായി മികച്ച വായനാ സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ട്. എല്ലാ കുട്ടികളിലും വായനാസംസ്കാരം വളർത്തിയെടുക്കുന്നതിന് പ്രവർത്തനക്ഷമമായ ലൈബ്രറികൾ എല്ലാ ക്ലാസ്സ് മുറികളിലും അനിവാര്യമാണ്. കുട്ടികളിൽ വായനയോട് അഭിരുചി വളർത്തി വായനാ സംസ്കാരം രൂപപ്പെടുത്തുവാൻ കഴിഞ്ഞാൽ ആശയാവിഷ്കാരത്തിന്റെ എല്ലാ മേഖലകളിലും മുന്നേറ്റം ഉണ്ടാക്കുവാൻ കഴിയും. മാതൃഭാഷ സ്വായത്തമാക്കുവാൻ അവസരം ലഭിക്കാത്ത കുട്ടികൾ വളർന്നുവരുന്നത് കുടുംബങ്ങളിലും പൊതുവെ സമൂഹത്തിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴിവെച്ചിരിക്കുന്നു. പഠനത്തിലും ഒഴുവ്വേളകളിലും പുസ്തകങ്ങളെ കൂട്ടുകാരായി മാറ്റുന്ന ഒരു ക്ലാസ്സ് മുറി

അന്തരീക്ഷം സൃഷ്ടിക്കുവാൻ കഴിയേണ്ടതുണ്ട്. ഹൈടെക് ലോകത്തോടൊപ്പം വായനാ ലോകത്തേക്കും കുട്ടികളെ കൊണ്ടുവരേണ്ടതുണ്ട്.

അക്കാദമിക പ്രവർത്തനങ്ങൾക്കും അധിക വായനയ്ക്കും വേണ്ടി ഓരോ ക്ലാസ്സിനും അനുയോജ്യമായ നൂറ് മുതൽ നൂറ്റമ്പത് വരെ പുസ്തകങ്ങൾ ശേഖരിക്കുക, പുസ്തകം സൂക്ഷിക്കുന്നതിനുള്ള അലമാര ക്ലാസ്സ് തലത്തിൽ സജ്ജീകരിക്കുക, പുസ്തക വിതരണത്തിന് ക്ലാസ്സ് തല കമ്മിറ്റികൾ രൂപീകരിക്കുക, പുസ്തക സ്റ്റോക്ക് വിതരണ രജിസ്റ്ററുകൾ സൂക്ഷിക്കുക, കുട്ടി ലൈബ്രേറിയൻമാരുടെ നേതൃത്വത്തിൽ ക്ലാസ്സ് ടീച്ചറുടെ മുഖ്യ ചുമതലയിൽ ക്ലാസ്സ് ലൈബ്രറി പ്രവർത്തിക്കുക, ക്ലാസ്സ്, സ്കൂൾ, ഉപജില്ലാ - പഞ്ചായത്ത് - ജില്ലാ തലങ്ങളിൽ വായനാനുബന്ധ പരിപാടികളും വായനോത്സവങ്ങളും സംഘടിപ്പിക്കുക തുടങ്ങിയവയാണ് 'സർഗ്ഗ വായന - സമ്പൂർണ്ണ വായന എന്ന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്'.

ഈ ഉദ്ദേശ്യങ്ങളെ മുൻനിർത്തിയാണ് തിരുവനന്തപുരം റവന്യൂ ജില്ലയിലെ എല്ലാ സ്കൂളുകളിലും ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള എല്ലാ ക്ലാസ്സ് മുറികളിലും ലൈബ്രറി സ്ഥിരം സംവിധാനമാക്കി സജ്ജീകരിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്ത്, ജനപ്രതിനിധികൾ, ലൈബ്രറി കൗൺസിൽ, വിവിധ സർക്കാർ ഏജൻസികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ കൂട്ടായ്മയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിലെ ലൈബ്രറി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ജില്ലാപഞ്ചായത്ത് ലൈബ്രേറിയൻമാരെ നിയമിച്ച് ഓണറേറിയം നൽകുകയും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ റഫറൻസ് പുസ്തകങ്ങൾ നൽകുകയും ചെയ്യുന്ന 'ഗ്രന്ഥപ്പുര' പദ്ധതി വിജയകരമായി നടന്നു വരികയാണ്. കൂടാതെ ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ എന്റെ വായന - എന്റെ വിദ്യാലയം പദ്ധതി, സർവ്വ ശിക്ഷ കേരളയുടെയും ഡയറ്റിന്റെയും നേതൃത്വത്തിൽ നടന്നു വരുന്ന വായനാ പരിപോഷണ പദ്ധതികൾ, ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടക്കുന്ന വിവിധ വായനാ പദ്ധതികൾ, അക്കാദമിക കർമ്മ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ നടക്കുന്ന തനത് വായനാ പരിപാടികൾ തുടങ്ങിയവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു ബൃഹത്തായ പദ്ധതിയാണ് രൂപകല്പന ചെയ്തിട്ടുള്ളത്. എല്ലാവരുടെയും നിശ്ചയദാർഢ്യത്തോടെയുള്ള പരിശ്രമം കൊണ്ട് മാത്രമേ ഈ പദ്ധതി വിജയപഥത്തിൽ എത്തുകയുള്ളു. പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതോടെ എല്ലാ ക്ലാസ്സിലും ലൈബ്രറി സംവിധാനമുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ ജില്ലയെന്ന ബഹുമതി തിരുവനന്തപുരം ജില്ലയ്ക്ക് ലഭിക്കും. ഈ മഹത്തായ ലക്ഷ്യത്തിന്റെ സമ്പൂർണ്ണ സാക്ഷാത്ക്കരണത്തിനായി എല്ലാവരുടെയും പങ്കാളിത്തം അഭ്യർത്ഥിക്കുന്നു.






## ക്ലാസ്സ് ലൈബ്രറിയിൽ എന്തൊക്കെ

- അലമാര സജ്ജീകരിക്കണം
- ചുരുങ്ങിയത് 100 പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് സൗകര്യമുള്ള മുൻവശം ചില്ലിട്ട അലമാര എല്ലാ ക്ലാസ്സുകളിലും ഉണ്ടാകണം.
- ചെലവ് കുറഞ്ഞതും ശിശു സൗഹൃദവു മായ അലമാര സജ്ജമാക്കണം.

## പുസ്തകങ്ങൾ

- കുട്ടികൾക്ക് വായനാക്ഷമമായ 100 പുസ്തകങ്ങൾ എങ്കിലും ഉണ്ടാകണം.
- അക്കാദമിക പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന റഫറൻസ് പുസ്തകങ്ങൾ വേണം.
- പത്ര മാസികകൾ, ബാല പ്രസിദ്ധീകരണങ്ങൾ എന്നിവ ഉണ്ടാകണം.
- ഹൈടെക് സംവിധാനം ഉപയോഗിച്ചുള്ള ഇ-ലേണിംഗ് സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം.

## പുസ്തകശേഖരണം എങ്ങനെ?

- പുസ്തക പ്രസാധകരുടെ കാറ്റലോഗുകൾ സംഘടിപ്പിച്ചുകൊണ്ട് ക്ലാസ്സിനനുയോജ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ക്ലാസ്സ് തല സമിതിയിൽ വിതരണം ചെയ്യണം.
- ക്ലാസ്സിലെ എല്ലാ കുട്ടികളെയും രക്ഷകർത്താക്കളെയും പുസ്തക ശേഖരണത്തിൽ പങ്കാളികളാക്കണം.
- പുസ്തക ശേഖരണത്തിനായി സമീപിക്കേണ്ട വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരുടെ പട്ടിക തയ്യാറാക്കണം.
- പുസ്തക ശേഖരണത്തിനായി സ്വീകരിക്കേ ണ്ട പദ്ധതികൾ ക്ലാസ്സുതല സമിതിയിൽ തീരുമാനിക്കുകയും, ചുമതലകൾ വിഭജിച്ച് നൽകുകയും ചെയ്യണം.
- പുസ്തക ശേഖരണത്തിനായി ജന്മദിനത്തിനൊരു പുസ്തകം (കുട്ടികൾ, അദ്ധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, പുസ്തക കുടുക്ക, പുസ്തക തൊട്ടിൽ, പുസ്തക വണ്ടി - സ്മാരക ക്ലാസ്സ്) തുടങ്ങിയ പദ്ധതികൾ ഉചിതം പോലെ തെരഞ്ഞെടുക്കാവുന്നതാണ്.
- ശേഖരിക്കുന്ന പുസ്തകങ്ങൾ തരം തിരിച്ച് നമ്പറിട്ട് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തണം.
- കൃത്യമായ ഇടവേളകളിൽ പുസ്തക ശേഖരണം നടത്തി ക്ലാസ്സ് ലൈബ്രറി നവീകരിക്കണം.

## പുസ്തക വിതരണം

എസ്.ആർ.ജി. കൺവീനറുടെ നേതൃത്വത്തിൽ ക്ലാസ്സുകളിൽ നിന്ന് കുട്ടി ലൈബ്രേറിയൻമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകണം. ക്ലാസ്സ് ടീച്ചറുടെ

മേൽനോട്ടത്തിൽ കുട്ടി ലൈബ്രേറിയൻമാരുടെ നേതൃത്വത്തിൽ പുസ്തക വിതരണം നടത്തണം. ഒരു കുട്ടി ആഴ്ചയിൽ ഒരു പുസ്തകമെങ്കിലും വായിക്കുന്നുവെന്ന് ഉറപ്പു വരുത്തണം. ലൈബ്രറി കൗൺസിലിന്റെ എന്റെ വായന - എന്റെ വിദ്യാലയം എന്ന പ്രോജക്ടിൽ ക്ലാസ്സിലെ എല്ലാ കുട്ടികളേയും അംഗങ്ങളാക്കണം. പ്രാദേശിക ലൈബ്രറികളിൽ ക്ലാസ്സിലെ എല്ലാ കുട്ടികളേയും അംഗങ്ങളാക്കണം. പ്രാദേശിക ലൈബ്രറിയിലെ പുസ്തകങ്ങൾ ക്ലാസ്സ് ലൈബ്രറി വഴി കുട്ടികൾക്ക് നൽകണം. രക്ഷകർത്താക്കൾക്ക് കൂടി ക്ലാസ്സ് ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ നൽകണം.

## വായനാനുബന്ധ പ്രവർത്തനങ്ങൾ

എല്ലാ കുട്ടികളും വായനാക്കുറിപ്പ് എഴുതുന്നുവെന്ന് ഉറപ്പ് വരുത്തണം. ആഴ്ചയിൽ ഒരു പീരിയഡ് എങ്കിലും വായനാനുബന്ധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണം. വായനാക്കുറിപ്പിന്റെയും പുസ്തകാസ്വാദന കുറിപ്പിന്റെയും മികച്ച മാതൃകകൾ ക്ലാസ്സിലും സ്കൂൾ അസംബ്ലിയിലും അവതരിപ്പിക്കണം. ക്ലാസ്സ് തല വായനോത്സവങ്ങൾ സംഘടിപ്പിക്കണം. മികച്ച വായനക്കാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. ലൈബ്രറി കൗൺസിലും മറ്റ് ഏജൻസികളും സംഘടിപ്പിക്കുന്ന വായനോത്സവങ്ങളിൽ ക്ലാസ്സിലെ കുട്ടികളെ പങ്കെടുപ്പിക്കണം. കുട്ടികളുടെ മികച്ച രചനകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കണം. മികച്ച രചനകൾ പ്രസിദ്ധീകരണങ്ങൾക്ക് അയച്ചു നൽകണം. എഴുത്തുകാർ, സാംസ്കാരിക പ്രവർത്തകർ എന്നിവരുമായി പരിചയപ്പെടുത്തുന്നതിനും അഭിമുഖം നടത്തുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കണം. വായനാ പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെ



പങ്കാളിത്തം ഉറപ്പാക്കണം. അമ്മ വായന തുടങ്ങിയ പദ്ധതികൾ ഇതിനായി പ്രയോജനപ്പെടുത്തണം. ക്ലാസ്സ് തല-സ്കൂൾ തല വായനോത്സവങ്ങളിൽ രക്ഷകർത്താക്കളുടെയും അദ്ധ്യാപകരുടെയും പങ്കാളിത്തം ഉറപ്പു നൽകണം. രക്ഷകർത്താക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും പൂർവ്വ അദ്ധ്യാപകരുടെയും രചനകൾ കൂടി ക്ലാസ് തല സ്കൂൾ തല പ്രസിദ്ധീകരണങ്ങളിൽ ഉൾപ്പെടുത്തണം. രക്ഷകർത്താക്കളിലെയും മികച്ച വായനക്കാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും രചനാ ശില്പശാലകൾ, വായനാക്കുറിപ്പ് അവതരണം, വായനാസ്വാദനം, വായനാ സംവാദം, വായന-വ്യത്യസ്ത ആവിഷ്കരണം, സെമിനാർ, പുസ്തകചർച്ച തുടങ്ങിയ വൈവിദ്ധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കണം.

## സമ്പൂർണ്ണ ക്ലാസ്സ് ലൈബ്രറി പ്രഖ്യാപനം

നവംബർ 1 മുതൽ ക്ലാസ്സ് തലത്തിൽ പുസ്തക ശേഖരണം ആരംഭിച്ചുകൊണ്ട് നവംബർ മാസത്തിൽ എല്ലാ ക്ലാസ്സിലും ലൈബ്രറി സജ്ജീകരിച്ച് കൊണ്ട് സമ്പൂർണ്ണ ക്ലാസ്സ് ലൈബ്രറി പ്രഖ്യാപനം നടത്തണം.




## സമ്പൂർണ്ണ ക്ലാസ്സ് ലൈബ്രറി– സ്കൂൾ തല പ്രഖ്യാപനം

സ്കൂളിലെ എല്ലാ ക്ലാസ്സ് ലൈബ്രറികളുടെയും പ്രഖ്യാപനം പൂർത്തിയായാൽ സ്കൂൾതല സമിതികളുടെ നേതൃത്വത്തിൽ ഡിസംബർ രണ്ടാം ആഴ്ചയ്ക്കകം സ്കൂൾ തല പ്രഖ്യാപനങ്ങൾ നടത്തണം. തുടർന്ന് പഞ്ചായത്ത് തല സമിതിയുടെ നേതൃത്വത്തിൽ സമ്പൂർണ്ണ ക്ലാസ്സ് ലൈബ്രറി പഞ്ചായത്ത് തല പ്രഖ്യാപനവും, ബ്ലോക്ക് തല സമിതിയുടെ നേതൃത്വത്തിൽ ബ്ലോക്ക് തല പ്രഖ്യാപനവും നടത്തണം.

ബ്ലോക്ക് തലം, മുനിസിപ്പൽ, കോർപറേഷൻ തലത്തിലെ സമ്പൂർണ്ണ ക്ലാസ്സ് ലൈബ്രറി പ്രഖ്യാപനം പൂർത്തീകരിച്ചുവെന്ന് ജില്ലാതല സമിതികൾ ഉറപ്പു വരുത്തുകയും തുടർന്ന് ജില്ലാതല പ്രഖ്യാപനം നടത്തുകയും വേണം.

## വായനോത്സവങ്ങൾ

സ്കൂൾ തല വായനോത്സവങ്ങൾ ഡിസംബർ മാസത്തിൽ പൂർത്തിയാക്കണം. തുടർന്ന് പഞ്ചായത്ത് തല ജില്ലാതല വായനോത്സവങ്ങൾ സംഘടിപ്പിക്കണം.

## സഞ്ചരിക്കുന്ന പുസ്തക വണ്ടി

ജില്ലാ ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ പുസ്തക വണ്ടികൾ ഉപജില്ലകളിലെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ എത്തിച്ചേർന്ന് പുസ്തക പ്രദർശനവും വിൽപനയും നടത്തണം.



## ക്ലാസ്സ് ലൈബ്രറി സജ്ജീകരണം

സാമൂഹ്യബോധവും ശാസ്ത്രബോധവും, പ്രതികരണ ശേഷിയും നല്ല ചിന്താശേഷിയുമുള്ള ഒരു തലമുറയെയാണ് നവകേരളം ലക്ഷ്യമിടുന്നത്. അത്തരത്തിൽ ഒരു തലമുറ രൂപപ്പെടുത്തുന്നതിനും വിജ്ഞാനത്തിന്റെ എല്ലാ മേഖലകളിലും മികവ് ഉറപ്പാക്കുന്നതിനും അനുയോജ്യമായ പുസ്തകങ്ങൾ വായിക്കാൻ എല്ലാ കുട്ടികൾക്കും അവസരമുണ്ടാകണം. നിലവിൽ സ്കൂൾ ലൈബ്രറികൾക്ക് കുട്ടികളുടെ നിലവാരത്തിനും താൽപര്യത്തിനുമനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കാൻ കഴിയില്ലായെന്നത് യാഥാർത്ഥ്യമാണ് ക്ലാസ്സ് തല ലൈബ്രറികൾക്ക് ഇത് പരിഹരിച്ചുകൊണ്ട് പോകാനാകും. എല്ലാ ക്ലാസ്സിലും ലൈബ്രറി സജ്ജമാക്കുന്നതോടെ വായനയുടെ പുതിയ ഒരു ലോകം വിദ്യാലയങ്ങളിൽ ഉദയം ചെയ്യും.



## ക്ലാസ്സ് ലൈബ്രറി ശാക്തീകരണത്തിനായി ജില്ലയിൽ നടക്കുന്ന/ നടത്തേണ്ട പ്രവർത്തനങ്ങൾ

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നേതൃത്വം കൊടുത്തുകൊണ്ട് ജില്ലയിലെ പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ, ലൈബ്രറി കൗൺസിൽ പ്രതിനിധികൾ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ എന്നിവരുടെ യോഗം ചേർന്ന് ജില്ലയിലെ പൊതുവിദ്യാലയങ്ങളിലെ എല്ലാ ക്ലാസ്സിലും ലൈബ്രറി സജ്ജീകരിക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നേതൃത്വം നൽകുന്നതിനുമായി **ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ലൈബ്രറി കൗൺസിൽ ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ.എം. ഷാജഹാൻ കോ-ഓർഡിനേറ്ററായും ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു.**

## ജനകീയ പങ്കാളിത്തത്തോടെ 8 ലക്ഷം പുസ്തകങ്ങൾ ശേഖരിച്ച് മാതൃക സൃഷ്ടിച്ചു






## കമ്മിറ്റി അംഗങ്ങൾ

1. **ശ്രീ. വി.രഞ്ജിത്** (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ജില്ലാപഞ്ചായത്ത്)
2. **സി. മനോജ്കുമാർ** (വിദ്യാഭ്യാസ ഉപഡയറക്ടർ)
3. **ശ്രീ. ജവാദ്.എസ്** (ജില്ലാ കോ-ഓർഡിനേറ്റർ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം)
4. **ശ്രീമതി. ഇ.എസ്.നാരായണി** (RDD - ഹയർ സെക്കന്ററി)
5. **ശ്രീ. ജോൺ. എ. കുര്യൻ** (അസിസ്റ്റന്റ് ഡയറക്ടർ - VHSE കൊല്ലം റീജിയൺ)
6. **ശ്രീ. വേണുഗോപാലൻ** (പ്രിൻസിപ്പൾ, ഡയറ്റ്)
7. **ശ്രീ. ശ്രീകുമാരൻ.ബി** (DPO - SSK )
8. **ശ്രീമതി. സുനിത.റ്റി.എസ്** (DEO, ആറ്റിങ്ങൽ)
9. **ശ്രീ. എ. നജീബ്** (BPO-BRC, South Tvpm. )
10. **ശ്രീമതി. ബിന്ദു.കെ.ഐ** (AEO, Kaniyapuram )
11. **ശ്രീ. സിയാദ്.കെ** (AEO, Tvpm. North )
12. **ശ്രീമതി.റഷീദ. എം** (H.M-LPS, വള്ളക്കടവ്)
13. **ശ്രീ. വേണുഗോപാലൻ.എം.ജി** (Principal GGHS, Karamana)
14. **ശ്രീ. എൻ.രത്നകുമാർ** (ജില്ലാ കോ-ഓർഡിനേറ്റർ, ഹയർ സെക്കന്ററി)
15. **ഡോ. കെ.ഗീതാലക്ഷ്മി** (Senior Lecturer DIET )
16. **ശ്രീ.എം.എസ്.സുരേഷ് ബാബു** (BPO - Kilimanoor)
17. **ശ്രീ. സലീൽകുമാർ.ഒ.എം.**(HM, SMV Model H.S,Tvpm )
18. **ശ്രീ.ധനരാജ് ഒ. ഡി.** (Govt. City VHSS,PMG)



## ജില്ലാതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ ചുമതലകൾ

1 ജില്ലയിൽ ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
2 എല്ലാ വിദ്യാലയങ്ങളിലും ക്ലാസ് ലൈബ്രറി എന്ന ആശയം സാക്ഷാത്കരിക്കുന്നതിനായി വിവിധ ഏജൻസികളുടെ ഏകോപനം ഉറപ്പുവരുത്തുക.
3 ക്ലാസ് ലൈബ്രറി ശാക്തീകരണത്തിനാവശ്യമായ വിവിധ തലങ്ങളിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുക.
4 ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.
5 ക്ലാസ് ലൈബ്രറി സാക്ഷാത്കരിക്കുന്നതിനാവശ്യായ സാമൂഹ്യ ഇടപെടലുകൾ സംഘടിപ്പിക്കുക.
6 വായനയുടെ ദർശനം എല്ലാവരിലും എത്തിക്കുന്നതിനായുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
7 ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക സമാഹരണം, പുസ്തക ലഭ്യത എന്നിവയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ശക്തിപ്പെടുത്തുക.
8 വായനാനുബന്ധ പരിപാടികൾ, ശില്പശാലകൾ വായനോത്സവങ്ങൾ സംഘടിപ്പിക്കുക.
9 മികച്ച വായനക്കാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

## നടത്തിയ പ്രവർത്തനങ്ങൾ

1 ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും ക്ലാസ് ലൈബ്രറി നിലവിലെ അവസ്ഥ കണ്ടെത്തുന്നതിനായി SSKയുടെ സഹായത്തോടെ വിദ്യാലയ സർവ്വേ പൂർത്തിയാക്കി.
2 SSK, DIET, പൊതു വിദ്യാഭ്യാസ യജ്ഞം കോ-ഓർഡിനേറ്റർ, ലൈബ്രറി കൗൺസിൽ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന ഒരു ടീമിനെ തെരഞ്ഞെടുത്ത് ക്ലാസ് ലൈബ്രറി യാഥാർത്ഥ്യമാക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തി.
3 കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രോജക്ട് ചർച്ച ചെയ്തു അംഗീകരിച്ചു.
4 ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രഥമാദ്ധ്യാപകർ, എസ്.ആർ.ജി. കൺവീനർമാർക്കും പരിശീലനം നൽകുന്നതിലേക്കായി പരിശീലന മോഡ്യൂൾ തയ്യാറാക്കി.
5 ആഗസ്റ്റ് 21ന് ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ എസ്.എസ്.കെ. പ്രവർത്തകർ, ലൈബ്രറി കൗൺസിൽ പ്രതിനിധികൾ, തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർ എന്നിവർ ഉൾപ്പെട്ട ജില്ലാ റിസോഴ്സ് ഗ്രൂപ്പിന് പരിശീലനം നൽകി.
6 തുടർന്ന് ആഗസ്റ്റ്24 ന് ജില്ലയിലെ മുഴുവൻപ്രഥമാദ്ധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും സബ്ജില്ലാ തലത്തിൽ പരിശീലനം നൽകി.
7 ഒക്ടോബർ 5 ന് ഡയറ്റിന്റെയും, എസ്.എസ്.കെ.യുടെയും നേതൃത്വത്തിൽ ജില്ലയിലെ മുഴുവൻ എസ്.ആർ.ജി. കൺവീനർമാർക്കും സബ്ജില്ലാ തലത്തിൽ പരിശീലനം സംഘടിപ്പിച്ചു.
8 അതിനുശേഷം ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും എസ്.ആർ.ജി.യോഗം ചേർന്ന് ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ. ആവശ്യകതയും അതിന്റെ രീതിശാസ്ത്രവും പ്രഥമാദ്ധ്യാപകരും, എസ്.ആർ.ജി. കൺവീനർമാരും നേതൃത്വം കൊടുത്ത് ചർച്ച ചെയ്തു.
9 സ്കൂൾ തലത്തിൽ രക്ഷിതാക്കൾ, ലൈബ്രറി കൗൺസിൽ പ്രതിനിധികൾ, അദ്ധ്യാപകർ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ യോഗം വിദ്യാലയങ്ങളിൽ ചേർന്ന് അതിൽ നിന്ന് സ്കൂൾതല സമിതികൾ രൂപീകരിച്ചു.



## ജില്ലാതല, ബ്ലോക്ക്തല, പഞ്ചായത്തുതല സമിതികളുടെ രൂപീകരണം

### ജില്ലാതല സമിതി (ഘടന)

ചെയർമാൻ : ജില്ലാപഞ്ചായത്ത് പ്രസിഡന്റ്
വൈസ് ചെയർമാൻ : ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ജില്ലാപഞ്ചായത്ത്
കൺവീനർ : എം. ഷാജഹാൻ ജില്ലാ ലൈബ്രറി കൗൺസിൽ വൈസ് പ്രസിഡന്റ്
ജോയിന്റ് കൺവീനർ: വിദ്യാഭ്യാസ ഉപഡയറക്ടർ
കോ-ഓർഡിനേറ്റർ : പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർ

അംഗങ്ങൾ:
കോർപറേഷൻ മേയർ, മുനിസിപ്പൽ ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, അദ്ധ്യാപകുടെ പ്രതിനിധികൾ-2)

### ചുമതലകൾ

1 ജില്ലയിൽ ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
2 എല്ലാ വിദ്യാലയങ്ങളിലും ക്ലാസ് ലൈബ്രറി എന്ന ആശയം സാക്ഷാത്കരിക്കുന്നതിനായി വിവിധ ഏജൻസികളുടെ ഏകോപനം ഉറപ്പുവരുത്തുക.
3 ക്ലാസ് ലൈബ്രറി ശാക്തീകരണത്തിനാവശ്യമായ പരിശീലനങ്ങൾ വിവിധ തലങ്ങളിൽ സംഘടിപ്പിക്കുക.
4 ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.
5 ക്ലാസ് ലൈബ്രറി സാക്ഷാത്കരിക്കുന്നതിനാവശ്യമായ സാമൂഹ്യ ഇടപെടലുകൾ സംഘടിപ്പിക്കുക.
6 വായനയുടെ ദർശനം എല്ലാവരിലും എത്തിക്കുന്നതിനായുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
7 ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക സമാഹരണം, പുസ്തക ലഭ്യത എന്നിവയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ശക്തിപ്പെടുത്തുക.
8 വായനാനുബന്ധ പരിപാടികൾ, ശില്പശാലകൾ വായനോത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുക.
9 മികച്ച വായനക്കാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.



## ബ്ലോക്ക് തല സമിതി/മുനിസിപ്പൽ/കോർപറേഷൻ ഘടന

ചെയർമാൻ : ബ്ലോക്ക് പ്രസിഡന്റ്/മിനിസിപ്പൽ ചെയർമാൻ/കോർപറേഷൻ മേയർ
വൈസ് ചെയർമാൻ : ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
കൺവീനർ : എ.ഇ.ഒ./ബി.പി.ഒ.
ജോയിന്റ് കൺവീനർ: ലൈബ്രറി കൗൺസിൽ പ്രതിനിധി, പ്രഥമാദ്ധ്യാപകർ/പ്രിൻസിപ്പൽ, പ്രതിനിധികൾ-3
അംഗങ്ങൾ : ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രതിനിധി
: താലൂക്ക് ലൈബ്രറി കൗൺസിൽ അംഗങ്ങൾ
: ഡയറ്റ് ചുമതലക്കാർ.
: എസ്.എം.സി./പി.ടി.എ.പ്രസിഡന്റിന്റെ പ്രതിനിധികൾ
: ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ 5 പേർ
: വിദ്യാഭ്യാസ, സാംസ്കാരിക പ്രവർത്തകർ

## ചുമതലകൾ

1 ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
2 എല്ലാ വിദ്യാലയങ്ങളിലും ക്ലാസ് ലൈബ്രറി എന്ന ആശയം സാക്ഷാത്കരിക്കുന്നതിനായി വിവിധ ഏജൻസികളുടെ ഏകോപനം ഉറപ്പുവരുത്തുക.
3 ക്ലാസ് ലൈബ്രറി ശാക്തീകരണത്തിനാവശ്യമായ പരിശീലനങ്ങൾ വിവിധ തലങ്ങളിൽ സംഘടിപ്പിക്കുക.
4 ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.
5 ക്ലാസ് ലൈബ്രറി സാക്ഷാത്കരിക്കുന്നതിനാവശ്യമായ സാമൂഹ്യ ഇടപെടലുകൾ സംഘടിപ്പിക്കുക.
6 വായനയുടെ ദർശനം എല്ലാവരിലും എത്തിക്കുന്നതിനായുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
7 ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക സമാഹരണം, പുസ്തക ലഭ്യത എന്നിവയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ശക്തിപ്പെടുത്തുക.
8 വായനാനുബന്ധ പരിപാടികൾ, ശില്പശാലകൾ വായനോത്സവങ്ങൾ സംഘടിപ്പിക്കുക.
9 മികച്ച വായനക്കാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.



## പഞ്ചായത്തുതല സമിതി

ചെയർമാൻ : ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
വൈസ് ചെയർമാൻ : ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
കൺവീനർ : ബി.ആർ.സി. ട്രെയിനർ/എച്ച്. എം/പ്രിൻസിപ്പൽ
ജോയിന്റ് കൺവീനർ: ലൈബ്രറി കൗൺസിൽ പ്രിതിനിധി,
അംഗങ്ങൾ : എച്ച്. എം/പ്രിൻസിപ്പൽ പ്രതിനിധി
: എസ്.എം.സി./പി.ടി.എ. പ്രസിഡന്റിന്റെ പ്രതിനിധി
: എം.പി.ടി.എ. പ്രതിനിധി
: വാർഡ് മെമ്പർമാരുടെ 5 പ്രതിനിധികൾ
: വിദ്യാഭ്യാസ, സാംസ്കാരിക പ്രവർത്തകരുടെ പ്രതിനിധികൾ
: താലൂക്ക് ലൈബ്രറി കൗൺസിൽ അംഗങ്ങൾ
: ഡയറ്റ് ചുമതലക്കാർ.
: എസ്.എം.സി./പി.ടി.എ. പ്രസിഡന്റിന്റെ പ്രതിനിധികൾ
: ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ 5 പേർ
: വിദ്യാഭ്യാസ, സാംസ്കാരിക പ്രവർത്തകർ

## ചുമതലകൾ

1 ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
2 എല്ലാ വിദ്യാലയങ്ങളിലും ക്ലാസ് ലൈബ്രറി എന്ന ആശയം സാക്ഷാത്കരിക്കുന്നതിനായി വിവിധ ഏജൻസികളുടെ ഏകോപനം ഉറപ്പുവരുത്തുക.
3 ക്ലാസ് ലൈബ്രറി ശാക്തീകരണത്തിനാവശ്യമായ പരിശീലനങ്ങൾ വിവിധ തലങ്ങളിൽ സംഘടിപ്പിക്കുക.
4 ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.
5 ക്ലാസ് ലൈബ്രറി സാക്ഷാത്കരിക്കുന്നതിനാവശ്യമായ സാമൂഹ്യ ഇടപെടലുകൾ സംഘടിപ്പിക്കുക.
6 വായനയുടെ ദർശനം എല്ലാവരിലും എത്തിക്കുന്നതിനായുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
7 ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക സമാഹരണം, പുസ്തക ലഭ്യത എന്നിവയിൽ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ ഇടപെടൽ ശക്തിപ്പെടുത്തുക.
8 വായനാനുബന്ധ പരിപാടികൾ, ശില്പശാലകൾ വായനോത്സവങ്ങൾ സംഘടിപ്പിക്കുക.
9 മികച്ച വായനക്കാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.



## സ്കൂൾ തല സമിതി

| | | |
|---|---|---|
| ചെയർമാൻ | : | വാർഡ് മെമ്പർ |
| വൈസ് ചെയർമാൻ | : | പി.ടി.എ. പ്രസിഡന്റ്/എസ്.എം.സി. ചെയർമാൻ |
| കൺവീനർ | : | പ്രഥമാദ്ധ്യാപകൻ/പ്രിൻസിപ്പൽ |
| ജോയിന്റ് കൺവീനർ | : | എസ്.ആർ.ജി. കൺവീനർ/ ലൈബ്രറി കൗൺസിൽ പ്രതിനിധി |
| അംഗങ്ങൾ | : | തെരഞ്ഞെടുക്കപ്പെട്ട പി.ടി.എ/ എസ്.എം.സി. അംഗങ്ങൾ |
| | : | ലൈബ്രറി കൗൺസിൽ പ്രതിനിധി |
| | : | എം.പി.ടി.എ. പ്രതിനിധി |
| | : | പ്രീപ്രൈമറി അദ്ധ്യാപിക |
| | : | അദ്ധ്യാപിക പ്രതിനിധികൾ/ ക്ലാസ് തല സമിതി കൺവീനർമാർ |
| | : | വിദ്യാഭ്യാസ, സാമൂഹ്യ പ്രവർത്തകർ |



## വിദ്യാലയ സമിതിയുടെ ചുമതലകൾ

1 വിദ്യാലയങ്ങളിലെ എല്ലാ ക്ലാസുകളിലും ലൈബ്രറി സൗകര്യങ്ങൾ ഉറപ്പാക്കൽ.
2 ലൈബ്രറി സജ്ജീകരിക്കുന്നതിനായി പ്രാദേശികമായുള്ള സ്പോൺസർമാരെ കണ്ടെത്തൽ.
3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റു ഏജൻസികളുടേയും സഹായം ക്ലാസ് ലൈബ്രറിക്ക് ലഭ്യമാക്കുക.
4 വിദ്യാലയത്തിലെ ക്ലാസ് ലൈബ്രറി പ്രവർത്തനം മോണിറ്റർ ചെയ്യുക.
5 പ്രാദേശിക ലൈബ്രറിയുടെ വിഭവങ്ങൾ വിദ്യാലയത്തിൽ എത്തിക്കുക.
6 വിദ്യാലയത്തിൽ കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പ്രതിമാസ പരിപാടികൾ ആസൂത്രണം ചെയ്യുക.
7 സ്കൂൾ തല വായനോത്സവങ്ങൾ, വായന ശില്പശാലകൾ സംഘടിപ്പിക്കുക.
8 കുട്ടികളുടെ വായനയിൽ നിരന്തരമായ ഇടപെടലുകളും പിന്തുണയും ഉറപ്പാക്കുക.
9 പ്രാദേശികമായി ശേഖരിക്കാവുന്ന പരമാവധി പുസ്തകങ്ങൾ ശേഖരിച്ച് വിദ്യാലയത്തിന് ലഭ്യമാക്കാനും അവ തരംതിരിക്കാനും സഹായിക്കുക.
10 ക്ലസ് തല സമിതികൾ രൂപീകരിക്കാൻ നേതൃത്വം നൽകുക.
11 ഓരോ ക്ലാസിലും സ്പെഷ്യൽ ക്ലാസ് പി.ടി.എ. വിളിച്ചുചേർത്ത് അതിൽ നിന്ന് ക്ലാസ് തല സമിതികൾ രൂപീകരിക്കുക.



## ക്ലാസ്തല സമിതി

| | | |
|---|---|---|
| ചെയർമാൻ | : | ക്ലാസ് പി.ടി.എ. പ്രസിഡന്റ് |
| കൺവീനർ | : | ക്ലാസ് ടീച്ചർ |
| അംഗങ്ങൾ | : | എല്ലാ കുട്ടികളുടേയും രക്ഷിതാക്കൾ, ലൈബ്രറി കൗൺസിൽ പ്രതിനിധി |

## ചുമതല

1 ക്ലാസ് തലത്തിൽ ക്ലാസ് ലൈബ്രറിക്കാവശ്യമായ വിഭവങ്ങൾ കണ്ടെത്തൽ.
2 അലമാര, പുസ്തക പ്രദർശന ബോർഡ് എന്നിവ സജ്ജമാക്കുന്നതിനായുള്ളസ്പോൺസർമാരെ കണ്ടെത്തൽ
3 ക്ലാസ് നിലവാരത്തിനനുയോജ്യമായ പുസ്തകങ്ങൾ ശേഖരിക്കുക.
4 എല്ലാ കുട്ടികൾക്കും അനുയോജ്യമായ പുസ്തകരചന ശില്പശാലകൾ സംഘടിപ്പിക്കുക.
5 കുട്ടിയുടെ വായനയിൽ നിരന്തര പിന്തുണ ഉറപ്പാക്കുക.
6 വായനകുറിപ്പുകൾ തയ്യാറാക്കുന്നതിന് കുട്ടികളെ സഹായിക്കൽ.
7 പ്രതിമാസ ക്ലാസ് തല വായനകുറിപ്പുകളുടെ അവതരണം സംഘടിപ്പിക്കൽ.
8 മികച്ച വായനക്കാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
9 വായനാനുബന്ധ പരിപാടികൾ സംഘടിപ്പിക്കുക.
10 അമ്മ വായന പ്രോത്സാഹിപ്പിക്കുകയും അതിനെ കുട്ടികളുടെ വായന പരിപോഷണത്തിനായി പ്രയോജനപ്പെടുത്തുക.
11 പുസ്തകാസ്വാദന ചർച്ചകൾ, വായിച്ച പുസ്തകങ്ങൾ ആവിഷ്കാര രൂപങ്ങളിലാക്കുന്നതിനും പ്രാദേശിക വൈദഗ്ധ്യം ക്ലാസിൽ പ്രയോജനപ്പെടുത്തുന്നതിനും നേതൃത്വം കൊടുക്കുക. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകം ലഭ്യമാക്കാൻ ടീച്ചറെ സഹായിക്കുക.
12 ഓരോ ക്ലാസിലും കുട്ടി ലൈബ്രേറിയൻമാരായി 2 കുട്ടികളെ (ഒരു ആൺകുട്ടിയും, ഒരു പെൺകുട്ടിയും) ജനാധിപത്യപരമായി തെരഞ്ഞെടുക്കൽ.
13 കുട്ടി ലൈബ്രേറിയൻമാർക്ക് ക്ലാസ് ലൈബ്രറി നടത്തിപ്പ് ചുമതല ഇവ ബോദ്ധ്യപ്പെടുത്തുന്നതിനായി സ്കൂൾ തലത്തിൽ പരിശീലനം സംഘടിപ്പിക്കുക എസ്.ആർ.ജി. കൺവീനർമാർ മോഡ്യൂൾ അനുസരിച്ചാണ് പരിശീലനം സംഘടിപ്പിക്കേണ്ടത്.

## കുട്ടി ലൈബ്രേറിയൻമാരുടെ ചുമതലകൾ

1 ക്ലാസ് ലൈബ്രറിയുടെ പ്രധാന ചുമതല വഹിക്കുക.
2 ക്ലാസ് ലൈബ്രറിക്ക് ആവശ്യമായ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ മെയിന്റയിൻ ചെയ്യുക.
3 പുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യുക.
4 എല്ലാ കുട്ടികൾക്കും പുസ്തക ലഭ്യത ഉറപ്പാക്കുക.
5 വായനാകുറിപ്പുകൾ കുട്ടികൾ തയ്യാറാക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുക.
6 ക്ലാസ് തലത്തിൽ വിതരണം ചെയ്ത പുസ്തകങ്ങൾ, തയ്യാറാക്കിയ വായനാക്കുറിപ്പുകൾ എന്നിവ രേഖപ്പെടുത്തി പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ക്ലാസ്തല സമിതി അവതരിപ്പിക്കുക.
7 കുട്ടികളുടെ താൽപര്യമനുസരിച്ച് പുസ്തക വിതരണം നടത്തുന്നതിന് ശ്രദ്ധിക്കുക.
8 ക്ലാസ് തല വായനോത്സവങ്ങൾ സംഘടിപ്പിക്കുന്നതിന് ടീച്ചറെ സഹായിക്കുക.
9 കുട്ടികളുടെ വായന മികവ് ടീച്ചറുമായി പങ്കിടുക.




ജില്ലയിൽ പതിനായിരം ക്ലാസ്സ്റൂം ലൈബ്രറികൾ സജ്ജീകരിക്കുന്നു